

of Philosophy and that he was teaching us one of the most abstract subjects, whose theories stood above the universe.He taught through a simple methodology so that nobody could say, we are punched. He always began humbly so that nobody could say, he is away from us. He made himself humble so that nobody could say, he is greater than us: that is exactly how Jesus lived in this world. Jesus made himself as simple as a little bread so that he continues to live forever in the hearts of many. Vineeth Achan lived so humble that his memories would stay forever in our hearts.

Now it is our turn to learn from you, dear Vineeth Achan, because you were gentle and humble in heart. We will find rest and peace for our souls through your humble words and life.

## Joseph Vithayathil CMI, Attappady

### സഭാരോദനം (നതോന്നത/വഞ്ചിപ്പാട്ട് വൃത്തം)



അമ്മകന്നി മണിതൻെറ...... എന്ന വിഷമഗാന രീതിയിൽ പാടാം.
സഭാരോദന ചോദ്യങ്ങൾക്കെല്ലാം വിനീതച്ചൻ YES പറഞ്ഞു.

വിനീതച്ചാ, വിദ്യാവൃദ്ധാ, വിനകളിൽ വിദൂരനേ
വിനയത്തിൽ വിഭൂഷിതാ, നമിച്ചീടുന്നു.
    വിദ്യയിലും, വിവേകത്തിൽ വിധിപോലെ വികാരിച്ച
    വിധേയനേ, വിശാരദാ സ്തുതിച്ചീടുന്നു.
കണ്ടശാംകടവിലേറെ പണ്ടുതാമസിക്കും ലോന-
താണ്ടമ്മ ദമ്പതീസൂനു പിറന്നോ പുത്രാ?



വടക്കേത്തല കുടുംബം ഉടയോന്റെ കൃപയാലെ
വടിവിൽത്തന്നഴകോടെ ജനിച്ചോ പുത്രാ?
ഉണ്ണിയായ് നീ പിറന്നപ്പോൾ വെണ്ണിലാവിൻപ്രഭതൂകി
കണ്ണിലുണ്ണിപോലെനീയും പിറന്നോ പുത്രാ?
ഫ്രാൻസീസെന്ന നാമധാരിപ്രായമഞ്ചായ് വളർന്നപ്പോൾ
പ്രാഥമികപാഠങ്ങൾ നീ പഠിച്ചോ പുത്രാ?
പാഠ്യകാര്യങ്ങളിലേറ്റം നീണ്ടകാലംശ്രമിച്ചതിൽ
പാണ്ഡിത്യം പലതിലും നീ വരിച്ചോ പുത്രാ?
തത്വശാസ്ത്ര വിഭാഗത്തിൽ അസ്തിത്വത്തിലവഗാഢം
അസ്തമിക്കാത്തതുപോലെ ഗ്രഹിച്ചോ പുത്രാ?
ദൈവശാസ്ത്രപാണ്ഡിത്യവും കൈവരിക്കാനുദ്യമിച്ചപ്പോൾ
ദൈവേഷ്ടം പോൽ വ്യാപരിക്കാൻ ശ്രമിച്ചോ പുത്രാ?
മൂന്നരപതിറ്റാണ്ടോളം മൂത്ത ശാസ്ത്രവിശാരദൻ
മൂർത്തിമത്തായധ്യാനിക്കാൻ ആശിച്ചോ പുത്രാ?
ഭാരതീയാശ്രമവാസം പാരംകൊതിച്ചാവേശത്താൽ
ധീരമായ് താൻ “വിദ്യാവനം” ചമച്ചോ പുത്രാ?
പർണ്ണശാല പൂർണ്ണമായും സ്വർണ്ണമയമാക്കാനാശ
കർണ്ണികധ്യാനത്താൽ വളർന്നോ പുത്രാ?
അധ്യാനങ്ങളാസകലം ആദ്ധ്യാത്മികാവേശത്തള്ളാൽ
അദ്വൈതക്കാരനതുപോൽ ശ്രമിച്ചോ പുത്രാ?
വിദ്യാധനം സർവം സ്വന്തം വിദ്യാർത്ഥികൾക്കായിപാരം
ഹൃദ്യാ നല്കീട്ടഭിമാനം വരിച്ചോ പുത്രാ?
നല്ലവനാം വല്ലഭന്തന്നല്ല ലില്ലാത്തില്ലത്തിൽ നീ
മുല്ല വല്ലിവാസമായി ശോഭിക്കൂ പുത്രാ!!